(ബി) കാഞ്ഞിരപ്പുഴ ഡാമിന്റെ ഷട്ടറിനുതാഴെ വിള്ളൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഷട്ടറിന്റെ വശങ്ങളിലുള്ള റബ്ബർ സീലിംഗിന്റെ തകരാറുമൂലം ചെറിയ തോതിൽ ചോർച്ചയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഡാം ബലപ്പെടുത്തുന്നതിനു വേണ്ടി ഡാം സേഫ്ടി കമ്മിറ്റി നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾക്കായി 54 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്.

പിന്നോക്കക്കാർക്ക് വിതരണം ചെയ്യുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ

151 (1785) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലും കോളേജുകളിലും മറ്റു പിന്നോക്ക വിഭാഗക്കാർക്ക് വിതരണം ചെയ്യുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ കുടിശ്ശിക വന്നിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് വിതരണം ചെയ്ത തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫണ്ടിന്റെ അഭാവംമൂലം വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുവാൻ കഴിഞ്ഞിട്ടില്ല.

(സി) വിതരണം ചെയ്ത തുകയുടെയും വകയിരുത്തിയ തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

വർഷം	പ്ലാൻ	ചെലവ്
2001-2002	10 ലക്ഷം	112 ലക്ഷം
2002-2003	20 ലക്ഷം	24.50 ലക്ഷം
വർഷം	**നോൺപ്ലാൻ**	**ചെലവ്**
2001-2002	9.50 ലക്ഷം	1685.35 ലക്ഷം
2002-2003	1187.50 ലക്ഷം	2233.72 ലക്ഷം

അച്ചടി വകുപ്പിൽ അഴിമതി നടത്തിയവർക്കെതിരെ നടപടി

152 (1789) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഹു. കേരള ഹൈക്കോടതിയിലെ 2002-ലെ ഒ.പി.31284-ൽ ഖജനാവിന് നഷ്ടം വരുത്തിയവർക്കെതിരെയും അച്ചടിവകുപ്പിൽ അഴിമതി നടത്തിയവർക്കെതിരെയും കർശന നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കിയിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly